"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. പ്രമോദ് കെ.വി (എച്ച്.എസ്.എസ്.റ്റി, ഗാന്ധിയൻ സ്റ്റഡീസ്, നെടുംകുന്നം, കോട്ടയം)-യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.560/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/03/2020

പരാമർശം:- 1 10.05.2013-ലെ 42/2013/ധന നം. സർക്കുലർ

2 28.11.2013-ലെ സ.ഉ.(പി)നം. 580/2013/ധന.

3 26.11.2016-ലെ സ.ഉ(സാധാ)നം. 3229/16/തസ്വഭവ

4 27.04.2018-ലെ സ.ഉ(സാധാ)നം.1200/18/തസ്വഭവ

5 03.07.2019-ലെ സ.ഉ(സാധാ)നം.1358/2019/തസ്വഭവ.

6 കുടുംബശ്രീ ഡയറക്ടറുടെ 03.12.2019-1162/ഇ1/2016/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം നെടുംകുന്നം ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ഗാന്ധിയൻ സ്റ്റഡീസ് ആയ ശ്രീ.പ്രമോദ്.കെ.വി-യെ കുടുംബശ്രീ സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുകയും പരാമർശം (4), (5) പ്രകാരം അന്യത്രസേവനം 30.11.2019വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി 30.11.2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01.12.2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പ്രമോദ്.കെ.വി (എച്ച്.എസ്.എസ്.റ്റി, ഗാന്ധിയൻ സ്റ്റഡീസ് ഗവൺമെന്റ് എച്ച്.എസ്.എസ്, നെടുംകുന്നം, കോട്ടയം)-യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്ര സേവനം കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1)&(2)-ലെ വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി 01.12.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. പ്രമോദ്. കെ.വി (എച്ച്.എസ്.എസ്.റ്റി, ഗാന്ധിയൻ സ്റ്റഡീസ്, നെടുംകുന്നം, കോട്ടയം) (ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഹയർസെക്കന്ററി എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ